**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

(ഹാജർ : SUNIL KUMAR S)

നം.DIC/1577/2025-EE3 തീയതി : 17-03-2026

വിഷയം:- വ്യവസായം - ജീവനക്കാര്യം - 31.12.2024 വരെയുള്ള കാലയളവിലെ ഡ്രൈവർമാരുടെ അന്തിമ മുൻഗണനാപട്ടിക പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 02.04.2025 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

**ഉത്തരവ്**

31.12.2024 വരെയുള്ള കാലയളവിലെ ഡ്രൈവർമാരുടെ (സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ്/ഗ്രേഡ് I/ ഗ്രേഡ് II) സംസ്ഥാനതല താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കാലയളവിലുള്ള എല്ലാ ഡ്രൈവർമാരുടേയും വിവരങ്ങൾ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി ആയത് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുവാനും, പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ടി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും ആക്ഷേപങ്ങൾ / പരാതികൾ ഉള്ള പക്ഷം ആയതും സമർപ്പിക്കുവാനും മേൽ പരിപത്രം പ്രകാരം നിർദ്ദേശിച്ചിരുന്നു.

2. താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് താഴെപ്പറയുന്ന ജീവനക്കാർ പരാതി / ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

**I. ശ്രീ.പ്രദീപൻ തുണ്ടിക്കണ്ടി, ഡ്രൈവർ ഗ്രേഡ്-II (ക്രമ നമ്പർ 3 (11/18)**

താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ തന്റെ ബി.എ ഡിഗ്രി വിദ്യാഭ്യാസ യോഗ്യത കൂടി ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.പ്രദീപൻ തുണ്ടിക്കണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ടിയാന്റെ ആവശ്യം പരിഗണിക്കാവുന്നതാണ് എന്ന് ബോധ്യപ്പെട്ടു. പ്രസ്തുത യോഗ്യത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

27/07/2020 ലെ ഡി.ഐ.സി/135/2020- ഇ.ഇ3 നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ഡ്രൈവർമാരുടെ അന്തിമ മുൻഗണനാപട്ടികയിൽ ഉൾപ്പെടാതിരുന്ന ശ്രീ. സുരേഷ്.എസ്. - നെ തന്റെ പേരിന് മുൻപിലായാണ് ഡി.ഐ.സി./1577/2025-ഇഇ3 നമ്പർ പ്രകാരം 02/04/2025 ൽ പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 1 (32/11) ആയി ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും കൂടി അപേക്ഷയിൽ അറിയിച്ചിരുന്നു. ഡ്രൈവർ ഗ്രേഡ്-II തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് നിയമന ശിപാർശയുടെ തീയതി അനുസരിച്ചാണ്. 27/07/2020 ലെ *ഡി.ഐ.സി/135/2020- ഇ.ഇ3 നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ഡ്രൈവർമാരുടെ അന്തിമ* മുൻഗണനാപട്ടികയിൽ ഡ്രൈവർ ഗ്രേഡ്-II ആയി ശ്രീ. സുരേഷ്.എസ് ക്രമ നമ്പർ 1 (32/11) ആയി ഉൾപ്പെടുത്തിയിരുന്നു. ആയത് പരിശോധിച്ചതിൽ ടിയാന്റെ ആക്ഷേപം വസ്തുതാ വിരുദ്ധമാണെന്നും ആയതിനാൽ പ്രസ്തുത ആവശ്യം പരിഗണനാർഹമല്ല എന്നും കാണുന്നു.

**II. ശ്രീ.ഹുസൈൻ.ടി.വി, ഡ്രൈവർ ഗ്രേഡ്-II (ക്രമ നമ്പർ 10 (02/21)**

താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ തന്റെ പ്ലസ് ടു വിദ്യാഭ്യാസ യോഗ്യത കൂടി ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.ഹുസൈൻ.ടി.വി അപേക്ഷ സമർപ്പിച്ചിരുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ടിയാന്റെ ആവശ്യം പരിഗണിക്കാവുന്നതാണ് എന്ന് ബോധ്യപ്പെട്ടു. പ്രസ്തുത യോഗ്യത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**III.ശ്രീ.സത്യൻ.എം.പി, ഡ്രൈവർ ഗ്രേഡ്-II (ക്രമ നമ്പർ 8 (04/20)**

താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ തന്റെ ബി.കോം ഡിഗ്രി വിദ്യാഭ്യാസ യോഗ്യത കൂടി ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.സത്യൻ.എം.പി അപേക്ഷ സമർപ്പിച്ചിരുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ടിയാന്റെ ആവശ്യം പരിഗണിക്കാവുന്നതാണ് എന്ന് ബോധ്യപ്പെട്ടു. പ്രസ്തുത യോഗ്യത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**IV. ശ്രീ.സന്തോഷ്.വി, ഡ്രൈവർ ഗ്രേഡ്-II (ക്രമ നമ്പർ 2 (10/18)**

ഡ്രൈവർ ഗ്രേഡ് - II തസ്തികയിലെ ഹെഡ് ക്വാർട്ടർ ഒഴിവിലേക്കായി കണ്ണൂർ ജില്ലാ പി.എസ്.സി ഓഫീസറുടെ 09.04.2018 തീയതിയിലെ CV(4) 2385/2014 നമ്പർ നിയമന ശിപാർശ ലഭിക്കുകയും 04.05.2018 തീയതിയിലെ E5/4251/2016/CEI നമ്പർ ഉത്തരവ് പ്രകാരം 21.05.2018 പൂർവ്വാഹ്നത്തിൽ ഡ്രൈവർ ഗ്രേഡ് - II ആയി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ജോലിയിൽ പ്രവേശിച്ചതായും കണ്ണൂർ ജില്ലാ പിഎസ്.സി ഓഫീസറുടെ കാര്യാലയത്തിൽ സംഭവിച്ച തെറ്റ് കാരണം തന്റെ നിയമന ശിപാർശ റദ്ദ് ചെയ്യുകയും തുടർന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 30.03.2019 ലെ ഉത്തരവ് അനുസരിച്ച് തന്നെ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുകയും ആയതിനുശേഷം കണ്ണൂർ ജില്ലാ പി. എസ്.സി ഓഫീസറുടെ 27.05.2019 ലെ CV(4) 2385/2014(2) നമ്പർ നിയമന ശിപാർശ അനുസരിച്ച് തിരുവനന്തപുരം കായിക യുവജനക്ഷേമ വകുപ്പിൽ ഹെഡ് ക്വാർട്ട്സ് ഒഴിവിൽ ഡ്രൈവർ ഗ്രേഡ് - II ആയി പുനർ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ 17.06.2019 തീയതിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു എന്ന് താല്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഡ്രൈവർ ഗ്രേഡ്-II ൽ 13-ാം (01/22) ക്രമ നമ്പർ സ്ഥാനത്തുള്ള ശ്രീ.സന്തോഷ്.വി അപേക്ഷ മുഖേന അറിയിച്ചിരിക്കുന്നു. കൂടാതെ കണ്ണൂർ ജില്ലാ പി. എസ്.സി ഓഫീസറുടെ 27.05.2019 ലെ നിയമന ശിപാർശയിൽ തന്റെ അഡ്വൈസ് തീയതി 09.04.2018 പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമായി നിഷ്കർഷിക്കുന്നതായും അറിയിച്ചിരിക്കുന്നു. അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിനായി താൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 23.06.2022 തീയതിയിലെ സ.ഉ.(സാധാ).നം.579/2022/വ്യവ സർക്കാർ ഉത്തരവ് പ്രകാരം തനിക്ക് കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഡ്രൈവർ ഗ്രേഡ് - II' തസ്തികയിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുകയും കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 02.07.2022 തീയതിയിലെ DICKNR/1329/2022-A4 നമ്പർ നടപടിക്രമം പ്രകാരം 02.07.2022 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 06.02.2013 തീയതിയിലെ സ.ഉ.(അച്ചടി).നം.05/2013/ഉപഭവ, 10.07.2014 ലെ സ.ഉ.(അച്ചടി).നം.20/2014/ഉപഭവ, 14.11.2014 ലെ സ.ഉ.(അച്ചടി).നം.38/2014/ഉപഭവ എന്നീ ഉത്തരവുകൾ പ്രകാരം ജില്ലയിൽ പി.എസ്.സി പരീക്ഷ എഴുതി ഹെഡ് ക്വാർട്ടർ ഒഴിവിൽ നിയമനം ലഭിക്കുകയും, ആയതിനുശേഷം ജില്ലയിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുകയും പ്രസ്തുത ഹെഡ്ക്വാർട്ടർ കാര്യാലയത്തിന് സ്വന്തം ജില്ലയിൽ ഓഫീസ് ഇല്ലാതിരിക്കുകയും ചെയ്താൽ 5 വർഷ കാലയളവിൽ ഇളവു നൽകി നിയമനം നൽകുകയും, ഇത്തരം നിയമനങ്ങൾക്ക് Rule 27(c) Part II of KS&SSR പ്രകാരം First Effective Advice Date സംരക്ഷിച്ചു നൽകുന്നതിന് അർഹതയുണ്ടെന്നും 27.05.2019 ലെ CV(4) 2385/2014(2) നമ്പർ നിയമന ശിപാർശ പ്രകാരം ആയത് 09.04.2018 ആണെന്നും, ആയതിനാൽ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ തന്റെ പേരിനു നേരെയുള്ള നിയമന ശിപാർശയും തീയതിയും എന്ന പട്ടികയിൽ തെറ്റായി രേഖപ്പെടുത്തിയ തീയതി തിരുത്തി യഥാർത്ഥ തീയതിയായ 09.04.2018 എന്ന് രേഖപ്പെടുത്തണമെന്നും പ്രസ്തുത നിയമന ശിപാർശ തീയതി അടിസ്ഥാനമാക്കി തനിക്ക് അർഹമായ സീനിയോറിറ്റി സംരക്ഷിച്ച് നൽകണമെന്നും ടിയാൻ അപേക്ഷിച്ചിരിക്കുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ടിയാന്റെ ആവശ്യം പരിഗണിക്കാവുന്നതാണ് എന്ന് ബോധ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തിരുത്തൽ വരുത്തി ഡ്രൈവർ ഗ്രേഡ്-II ൽ ക്രമ നമ്പർ 2 സീനിയോറിറ്റി നമ്പർ 10/18 ആയി ടിയാനെ സീനിയോറിറ്റി ലിസ്റ്റിൽ പുനഃക്രമീകരിച്ചിട്ടുണ്ട്.

3. 31.12.2024 വരെയുള്ള കാലയളവിലെ ഡ്രൈവർമാരുടെ താൽക്കാലിക മുൻഗണനാപട്ടികയിൽ സേവനത്തിൽ നിന്നും വിരമിച്ചവർ ഉൾപ്പെട്ടിരുന്നു. അപ്രകാരം ഉൾപ്പെട്ടവരെ അന്തിമ മുൻഗണനാപട്ടികയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിരുന്നു. സേവനത്തിൽ നിന്നും വിരമിച്ചവരുടെ പേരിനു നേരെ റിമാർക്സ് കോളത്തിൽ സേവനത്തിൽ നിന്നും വിരമിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലും ആയത് സീനിയോറിറ്റിയെയോ സ്ഥാനക്കയറ്റത്തെയോ പ്രതികൂലമായി ബാധിക്കാത്തതിനാലും പ്രസ്തുത അപേക്ഷയിലെ ആവശ്യം പരിഗണനാർഹം അല്ല എന്ന് കാണുന്നു.

4. താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിനെതിരെ സമർപ്പിച്ച എല്ലാ ആക്ഷേപങ്ങളും / പരാതികളും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു തീർപ്പുകൽപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ 31.12.2024 വരെയുള്ള കാലയളവിലെ ഡ്രൈവർമാരുടെ (സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ്/ഗ്രേഡ് I/ ഗ്രേഡ് II) സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് ചുവടെ പറയും പ്രകാരം അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 31.12.2024 വരെയുള്ള കാലയളവിലെ ഡ്രൈവർമാരുടെ (സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ്/ഗ്രേഡ് I/ ഗ്രേഡ് II) സംസ്ഥാനതല താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് (Annexure I & II) അന്തിമമാക്കി പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു.

6. അന്തിമ സീനിയോറിറ്റി ലിസ്റ്റ് (Annexure I & II) വ്യവസായ വാണിജ്യ വകുപ്പിന്റെ industry.kerala.gov.in എന്ന വെബ് സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാണ്. എല്ലാ ഓഫീസ് മേലധികാരികളും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പെടുത്ത് ബന്ധപ്പെട്ട ഓഫീസുകളിൽ പരസ്യപ്പെടുത്തി ജീവനക്കാർക്ക് (അവധി/അന്യത്ര സേവനത്തിൽ ഉള്ള ജീവനക്കാർ ഉൾപ്പെടെ) പരിശോധിക്കാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം / കൈപ്പറ്റ് രസീത് 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

SUNIL KUMAR S
SENIOR ADMINISTRATIVE OFFICER

പകർപ്പ് :
1. കയർ വികസന ഡയറക്ടർ, കയർ വികസന ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
2. കൈത്തറി വസ്ത്ര ഡയറക്ടർ, കൈത്തറി വസ്ത്ര ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
3. എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും
4. ഡെപ്യൂട്ടി ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ചങ്ങനാശ്ശേരി.
5. അസിസ്റ്റന്റ് ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, മഞ്ചേരി
6. എല്ലാ കയർ പ്രോജക്ട് ഓഫീസർമാർക്കും
7. ഇ.എ. വിഭാഗം/അധിക/സൂക്ഷിപ്പ് ഫയൽ

ഉത്തരവിൻ പ്രകാരം

സ്പെഷ്യൽ ഓഫീസർ

File No.DIC/1577/2025-EE3

## ANNEXURE - I

## FINAL SENIORITY LIST OF SELECTION GRADE /SENIOR GRADE/GRADE - I DRIVERS AS ON 31.12.2024

| Sl. No. | Seniority No | Name | Date of birth | Qualification | Promotion Order number and date | Date of seniority assigned | Remarks |
|---|---|---|---|---|---|---|---|
| **DRIVER - SELECTION GRADE** | | | | | | | |
| 1 | 01/21 | M.Rajan | 30.05.1969 | SSLC(F) | DIC/13983/2018-EA2 dated: 14.12.2021 | 01.06.2021 | Promoted with retrospective effect |
| **DRIVER - SENIOR GRADE** | | | | | | | |
| 2 | 03/13 | Abdul Salam.C | 01.05.1971 | VI th | EA2/14109/2007 dated: 20.06.2013 | 20.06.2013 | |
| 3 | 05/13 | A.Radhakrishnan | 30.05.1974 | SSLC(P) | EA2/14109/2007 dated: 20.06.2013 | 20.06.2013 | |
| 4 | 06/13 | K.I.Nazar | 31.05.1968 | SSLC(P) | EA2/14109/2007 dated: 07.01.2014 | 01.11.2013 | Promoted with retrospective effect (Retired) |
| 5 | 07/13 | S.R.Rostan | 01.06.1979 | Pre-degree(P) | EA2/14109/2007 dated: 07.01.2014 | 01.12.2013 | Promoted with retrospective effect |
| 6 | 01/14 | Prince.P.V | 27.05.1974 | SSLC(P),National Trade Certificate in Electronic Mechanic | EA2/16774/2014 dated:09.12.2015 | 10.10.2014 | Promoted with retrospective effect |
| 7 | 01/15 | Suseelan.K | 28.04.1973 | VIII th | EA2/16774/2014 dated:09.12.2015 | 16.01.2015 | Promoted with retrospective effect |
| 8 | 01/16 | Binu.G | 31.05.1971 | SSLC(P) | EA2/16774/2014(1) dated:17.09.2016 | 28.02.2016 | Promoted with retrospective effect |
| 9 | 02/16 | Shine.S.Chandra | 01.05.1978 | SSLC(P) | EA2/16774/2014(1) dated:17.09.2016 | 01.05.2016 | Promoted with retrospective effect |
| 10 | 01/17 | Clemend Lobo | 24.06.1972 | SSLC(F) | EA2/16774/2014 dated:02.02.2018 | 01.06.2017 | Promoted with retrospective effect |
| 11 | 02/17 | Binilkumar.G.S | 20.05.1979 | SSLC,ITC Mechanic (Diesel),Paid apprenti IT Mechanic(Diesel) | EA2/16774/2014 dated:27.02.2018 | 01.11.2017 | Promoted with retrospective effect |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | 01/21 | Anilkumar.M.M | 05.08.1971 | SSLC(P) | DIC/13983/2018-EA2 dated: 14.12.2021 | 01.05.2020 | Promoted with retrospective effect |
| 13 | 02/21 | Unni.M | 30.05.1978 | SSLC(P) Diploma in Mechanical engineering | DIC/13983/2018-EA2 dated: 14.12.2021 | 01.01.2021 | Promoted with retrospective effect |
| 14 | 03/21 | Baiju Mathew | 30.05.1971 | IX | DIC/13983/2018-EA2 dated: 14.12.2021 | 01.05.2021 | Promoted with retrospective effect |
| 15 | 04/21 | Surendran.K | 15.04.1970 | SSLC(P) | DIC/13983/2018-EA2 dated: 14.12.2021 | 01.06.2021 | Promoted with retrospective effect |
| 16 | 05/21 | Eldhose.T.T | 27.11.1974 | SSLC(P) | DIC/13983/2018-EA2 dated: 20.09.2022 | 01.06.2021 | Promoted with retrospective effect |
| 17 | 01/22 | Santhosh.S | 11.03.1969 | SSLC(P) | DIC/13983/2018-EA2 dated: 20.09.2022 | 01.04.2022 | Promoted with retrospective effect |
| **DRIVER - GRADE - I** | | | | | | | |
| 18 | 02/13 | Johnson.S | 24.12.1973 | SSLC(P) | EA2/16774/2014 dated:16.12.2014 | 25.10.2013 | Promoted with retrospective effect |
| 19 | 03/13 | Lajeesh.K | 21.01.1981 | Pree-degree | EA2/16774/2014 dated:16.12.2014 | 13.11.2013 | Promoted with retrospective effect |
| 20 | 01/15 | Shameer Sidhic | 23.04.1983 | Plus Two, BA, HGMV(Badge), MOP | EA2/16774/2014 dated:31.03.2016 | 17.01.2015 | Promoted with retrospective effect(Submitted |
| 21 | 02/15 | Anil.P.K | 03.04.1980 | Pree-degree, T/W.Eng & Mal, Word Processing | EA2/16774/2014 dated:31.03.2016 | 30.05.2015 | Promoted with retrospective effect |
| 22 | 03/15 | Sajikumar.S.K | 30.05.1970 | SSLC(P) | EA2/16774/2014 dated:31.03.2016 | 30.06.2015 | Promoted with retrospective effect |
| 23 | 01/16 | Vinod.S | 20.05.1978 | SSLC | EA2/16774/2014 (2) dated:17.09.2016 | 29.03.2016 | Promoted with retrospective effect |
| 24 | 02/16 | Sajimon.U.M | 14.03.1973 | SSLC(P) | EA2/16774/2014 (2) dated:17.09.2016 | 15.04.2016 | Promoted with retrospective effect |
| 25 | 03/16 | Sudheesh.G | 13.03.1980 | SSLC(P) | EA2/16774/2014 (2) dated:17.09.2016 | 14.05.2016 | Promoted with retrospective effect |
| 26 | 01/18 | Basheer.K.V | 22.05.1980 | Plus Two | DIC/13983/2018-EA2 dated:14.12.2021 | 19.12.2018 | Promoted with retrospective effect |
| 27 | 01/19 | Shalivahan.S | 30.05.1981 | BSc | DIC/13983/2018-EA2 dated:20.08.2019 | 12.05.2019 | Promoted with retrospective effect |

| | | | | | | | |
|---|---|---|---|---|---|---|---|
| 28 | 01/20 | Sarun Kumar.K.N | 01.03.1985 | SSLC,Plus Two, ITC(MMV), NCVT, NAC,LMV,HPMV,HGMV, LMV-Badge, | DIC/13983/2018-EA2 dated:14.12.2021 | 01.05.2020 | Promoted with retrospective effect |
| 29 | 01/21 | Binz.V.U | 04.03.1977 | SSLC, DL LMV with Badge | DIC/13983/2018-EA2 dated:14.12.2021 | 01.01.2021 | Promoted with retrospective effect |
| 30 | 02/21 | Shiji.R | 25.05.1982 | SSLC, DL LMV with Badge | DIC/13983/2018-EA2 dated:14.12.2021 | 01.05.2021 | Promoted with retrospective effect |
| 31 | 03/21 | Anto Jose.C.E | 06.05.1978 | SSLC, DL LMV with Badge | DIC/13983/2018-EA2 dated:14.12.2021 | 01.06.2021 | Promoted with retrospective effect |
| 32 | 04/21 | Sureshmon.T.S | 31.05.1977 | SSLC, DL LMV with Badge | DIC/13983/2018-EA2 dated: 20.09.2022 | 01.06.2021 | Promoted with retrospective effect |
| 33 | 01/22 | Muhammed Asheep.G | 11.04.1981 | SSLC, DL LMV with Badge | DIC/13983/2018-EA2 dated: 20.09.2022 | 01.04.2022 | Promoted with retrospective effect |

**Sd/-**
**SENIOR ADMINISTRATIVE OFFICER**

**Approved for Issue**

**Special Officer**

File No.DIC/1577/2025-EE3

## ANNEXURE - II

## FINAL SENIORITY LIST OF DRIVERS GRADE - II AS ON 31.12.2024

| Sl. No. | Seniority No | Name | Date of birth | Qualification | Advice number & date | Appointment order number & date | Date of joining Industries department | Date of seniority assigned | DRB | Remarks |
|---|---|---|---|---|---|---|---|---|---|---|
| 1 | 32/11 | Suresh.S | 05.05.1981 | SSLC(F) | KIII(3)3272/06 dated:14.10.2011 | EA2/3468/2011 dated:28.10.2011 | 05.11.2011 | 14.10.2011 | KTM | |
| 2 | 10/18 | Santhosh V. | 06.04.1978 | SSLC, DL LMV with Badge, HPMV, HGMV | CV(4) 2385/2014 dated 09.04.2018 | DIC/5306/2021-EA2 dated: 28.06.2022 | 02.07.2022 | 09.04.2018 | KNR | Inter Department Transfer |
| 3 | 11/18 | Pradeepan Thudikandy | 03.05.1976 | SSLC, BA, DL LMV with Badge | EII(2)2856/11 dated:21.11.2018 | DIC/15195/18-EA2 dated:19.12.2018 | 01.01.2019 | 21.11.2018 | EKM | |
| 4 | 01/19 | Krishnadas.V | 15.01.1976 | SSLC, DL LMV with Badge | PII(1)4146/13(1) dated:18.03.2019 | DIC/15195/18-EA2 dated:31.02.2019 | 04.06.2019 | 18.03.2019 | PLKD | |
| 5 | 01/20 | Rajesh.K | 11.02.1977 | SSLC, DL LMV with Badge | DV(3)4014/14(2) dated:14.08.2020 | DIC/15195/2018-EA2 dated:22.09.2020 | 05.10.2020 | 14.08.2020 | KKD | Left Dept |
| 6 | 02/20 | Manoj Kumar.G | 03.05.1979 | SSLC, DL LMV with Badge | PTAIV(2)2380/14 dated:16.11.2020 | DIC/3203/2020-EA2 dated:24.12.2020 | 06.01.2021 | 16.11.2020 | PTA | |
| 7 | 03/20 | Prasoon Babu | 30.05.1983 | SSLC, DL LMV with Badge | DTD(2)4246/14 dated:21.12.2020 | DIC/3203/2020-EA2(2) dated:23.01.2021 | 28.01.2021 | 21.12.2020 | TVM | |
| 8 | 04/20 | Sathyan.M.P | 12.01.1987 | SSLC, B.Com (Co-operation), (DL LMV with Badge | QRII(3)1874/13 dated:29.12.2020 | DIC/3203/2020-EA2(1) dated:23.01.2021 | 01.02.2021 | 29.12.2020 | KLM | |
| 9 | 01/21 | Anish C.P. | 18.02.1983 | SSLC, DL LMV with Badge | KIII(3)3222/2014 dated:30.01.2021 | DIC/3203/2020-EA2 dated:02.03.2021 | 15.03.2021 | 30.01.2021 | KTM | |
| 10 | 02/21 | Hussain T.V. | 20.02.1976 | SSLC, PLUS TWO, DL LMV with Badge | EII (2) 2856/11 (1) dated:08.02.2021 | DIC/3203/2020-EA2 dated:25.03.2021 | 08.04.2021 | 08.02.2021 | EKM | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 11 | 30/21 | Santhosh T. | 01.06.1981 | SSLC, DL LMV with Badge | C V(5) 2385/2014 dated:14.06.2021 | DIC/3203/2020-EA2 dated:13.07.2021 | 22.07.2021 | 14.06.2021 | KNR | |
| 12 | 04/21 | Sujith K.V. | 20.03.1985 | SSLC, DL LMV with Badge | MR 2-1/12/2019-KPSC-DOMLPM dated:21.06.2021 | DIC/3203/2020-EA2 dated:13.07.2021 | 28.07.2021 | 21.06.2021 | MLP | |
| 13 | 05/21 | Binoj Kumar T.V. | 29.12.1984 | SSLC, DL LMV with Badge | PTA IV (2) 2380/14 (2) dated:27.08.2021 | DIC/3203/2020-EA2 dated:24.09.2021 | 04.10.2021 | 27.08.2021 | PTA | |
| 14 | 01/23 | Aneesh Kumar A.V. | 12.06.1995 | SSLC, DL LMV with Badge | KGD 4-2/10/2019-KPSC-DOKGD(14) dated:16.10.2023 | DIC/3203/2020-EA2 dated:15.11.2023 | 23.11.2023 | 16.10.2023 | KGD | |
| 15 | 02/23 | Shiju R. | 02.06.1988 | SSLC, DL LMV with Badge | DV(3)06/2021(7) dated:01.11.2023 | DIC/3203/2020-EA2 dated:04.01.2024 | 17.01.2024 | 01.11.2023 | KKD | |

**Sd/-**

**SENIOR ADMINISTRATIVE OFFICER**

**Approved for Issue**

**Special Officer**